"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നികുതി (ജെ) വകുപ്പ്

ജെ3/80/2021/നി.വ

തിരുവനന്തപുരം26/07/2021

സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

തിരുവനന്തപുരം.

സർ,

വിഷയം:- നികുതി വകുപ്പ് - രജിസ്ട്രേഷൻ - വിദേശ പൗരന്മാരുമായുള്ള വിവാഹം - സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് - സ്പഷ്ടീകരണം നൽകുന്നത്- സംബന്ധിച്ച്.

സൂചന:- താങ്കളുടെ 08/02/2021 തീയതിയിലെ ആർ.ആർ-6-25537/00 നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിദേശികളും ഇന്ത്യാക്കാരുമായുള്ള വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് വിദേശ രാജ്യക്കാരുടെ എംബസിയിൽ നിന്നോ കോൺസലേറ്റിൽ നിന്നോ വാങ്ങി മാത്രമേ രജിസ്റ്റർ ചെയ്യാവൂ എന്ന് ബഹു.ഹൈക്കോടതി ഉത്തരവുകൾ ഉണ്ടെങ്കിലും ചില വിദേശികൾ അവർ സ്വന്തമായി തയ്യാറാക്കിയതും എംബസി വഴി അല്ലെങ്കിൽ കോൺസലേറ്റ് വഴി സാധൂകരണം ലഭിക്കാത്ത സർട്ടിഫിക്കറ്റുകൾ നൽകുന്നത് ചില മാര്യേജ് ഓഫീസർമാർ സ്വീകരിച്ചു വരുന്നെന്നും ഇത്തരം വിവാഹങ്ങൾ OCI Card (Overseas Citizenship of India) ലഭിക്കുന്നതിനുള്ള ഒരു മാർഗമായി സ്വീകരിക്കുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബഹു.കേരള ഹൈക്കോടതിയുടെ WP(C) No.35035/2014 കേസിലെ വിധിന്യായത്തിൽ Embassy attest ചെയ്യുന്ന Single status Certificate വേണമെന്നും എന്നാൽ WP(C) No.249/2019 നമ്പർ വിധിന്യായത്തിൽ Notary Public നൽകുന്ന Affidavit മതി എന്നും വിധിക്കുകയുണ്ടായി. താങ്കൾ ചൂണ്ടിക്കാണിച്ചിരിക്കുന്ന ബഹു.ഹൈക്കോടതിയുടെ WP(C) No.35035/2014, WP(C) No.249/2019 കേസുകളിലെ വിധിന്യായങ്ങൾ ടി കേസിലെ വ്യക്തികളെ സംബന്ധിച്ചുള്ളതും അവരവരുടെ സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ളതും രണ്ട് വിധിന്യായങ്ങളിലും സാമാന്യവൽക്കരിക്കുന്ന നിലയ്ക്ക് ഒരു നിരീക്ഷണങ്ങളും നടത്തിയിട്ടില്ലാത്തതുമാണ്.

1954 -ലെ പ്രത്യേക വിവാഹ നിയമപ്രകാരം വിദേശ പൗരന്മാരുമായി ഇൻഡ്യാക്കാരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നത് തടഞ്ഞു കൊണ്ട് ഒരു സർക്കുലർ 08.08.2014 തീയതി Inspector General of Registration പുറപ്പെടുവിച്ചിരുന്നത് ബഹു.കേരള ഹൈക്കോടതി അസാധു ആക്കിയിട്ടുണ്ട് ബഹു.കോടതിയുടെ WP(C) No.249/2019 നമ്പർ വിധിന്യായത്തിൽ ആയത് വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യാക്കാരിയായ SARANYA R A യും അമേരിക്കൻ പൗരത്വം

ഉള്ള Deepu Prasanna Rajan ഉം തമ്മിലുള്ള വിവാഹ രജിസ്ട്രേഷൻ നിഷേധിച്ച നടപടിക്കെതിരെ നൽകിയ WP(C) No.249/2019 നമ്പർ കേസിന്റെ വിധിയിലാണ് ബഹു.കോടതി ടി സർക്കുലർ റദ്ദ് ചെയ്യതും "It is ordered that the petitioner and the proposed bride groom may submit separate sworn affidavits attested before a notary public stating their single status and also stating that they have fulfilled all the eligibility conditions prescribed under the Special Marriage Act and that they have not incurred any of the disqualifications prescribed under the Special Marriage Act and that both of them are single etc. as averred in the petition etc". എന്ന് നിരീക്ഷിച്ചിട്ടുള്ളതും ടി വിധിയിൽ ബഹു.ഹൈക്കോടതി petitioner and the proposed bride groom may submit separate sworn affidavit...... എന്നാണ് ഉത്തരവായത്. may submit എന്നതിനെ mandatory ആയി കണക്കാക്കാൻ കഴിയില്ല. കേസിലെ സവിശേഷ സാഹചര്യം കണക്കിലെടുക്കാം. ബഹു.കോടതി സത്യവാങ്മൂലം ഹാജരാക്കിയാൽ മതി എന്ന് ഉത്തരവായത്.

അതേ സമയം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 27.11.2019 -ലെ ശ-551/03/2019 നമ്പർ സർക്കുലർ പ്രകാരം 'Non Objection and Bachelor hood certificate from the embassy' ഹാജരാക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. 1954 -ലെ പ്രത്യേക വിവാഹ നിയമപ്രകാരം വിദേശ പൗരന്മാരുമായി ഇൻഡ്യാക്കാരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് Single Status certificate from embassy വേണമെന്നതാണ് ബഹു.കോടതിയുടെ പൊതുവായ നിരീക്ഷണമെന്നതിനാലും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 27.11.2019 -ലെ 27.11.2019 -ലെ M-551/03/2019 നമ്പർ സർക്കുലർ അടിസ്ഥാനപ്പെടുത്തിയും വിദേശിയുടെ എംബസി നൽകുന്ന Non Objection Certificate and Bachelor hood certificate അനിവാര്യമാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
Pramod M V
ഡെപ്യൂട്ടിസെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

ഐ.ജി.ആർ/ആർ.ആർ.6-25537/00

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആഫീസ്,
തിരുവനന്തപുരം, തീയതി 09-08-2021

പ്രത്യേക വിവാഹനിയമപ്രകാരം വിദേശികളും,ഇന്ത്യാക്കാരുമായുള്ള വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ വിദേശികളുടെ Single Status Certificate സംബന്ധിച്ചുള്ള സർക്കാരിന്റെ മേൽ സ്പഷ്ടീകരണം അറിവിലേക്കായി അയക്കുന്നു.ജില്ലാ രജിസ്ട്രാർമാർ എല്ലാ സബ് രജിസ്ട്രാർമാർക്കും അയച്ചു കൊടുക്കേണ്ടതാണ്.

രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ
P.K. SAJANKUMAR
JOINT I.G. OF REGISTRATION

എല്ലാ ഡി.ഐ.ജി/ജില്ലാ രജിസ്ട്രാർക്കും